പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2235 18.12.2012 -ലെ മറുപടി

വയനാട് ജില്ലയിൽ അനുവദിച്ച കെ.എസ്.ആർ.ടി.സി. ബസുകൾ

ചോദ്യം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളും റൂട്ടുകളും അനുവദിച്ചു; നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | സുൽത്താൻബത്തേരി നിയോജക മണ്ഡലത്തിൽ 5 പുതിയ ബസ്സുകളും 7 സർവ്വീസുകളും, കൽപ്പറ്റ മണ്ഡല ത്തിൽ 4 ബസ്സുകളും 4 സർവ്വീസു കളും മാനന്തവാടി മണ്ഡലത്തിൽ 11 ബസ്സുകളും 7 സർവ്വീസുകളും അനുവ ദിച്ചിട്ടുണ്ട്. |
| (ബി) | കൽപ്പറ്റ നിയോജകമണ്ഡല പരിധിയിൽക്കൂടി പുതിയ ബസ്സുകൾ /റൂട്ടുകൾ അനുവദിക്കണമെന്നാ വശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടു ണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്.<br>കൽപറ്റ- വരുമൽകടവ് വഴി മാനന്തവാടി, കൽപറ്റ - പടിഞ്ഞാറേത്തറ വഴി കുമിളി കൽപ്പറ്റ - നിലമ്പൂർ റെയിൽവേ സ്റ്റേഷൻ എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (സി) | ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ? | (സി) | ആയതിന്മേൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ബസ്സിന്റെയും ജീവന ക്കാരുടെയും കുറവ് അനുഭവപ്പെടുന്ന തിനാൽ സർവ്വീസുകൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ